

സത്യത്തിനുവേണ്ടിയുള്ള തേടലാണ് മതം. അത് ഒരു രാജ്യത്തിന്റേയോ വംശത്തിന്റേയോ സ്വന്തമല്ല. അത് അമ്പലങ്ങളിലോ, പള്ളികളിലോ, മുസ്ലിം ദേവാലയങ്ങളിലോ കണ്ടെത്താനാവില്ല.


# ജീവിതയാത്ര

sP. Irj WaqÀ – nbpsS XXz § Ä DÄs i mÀp¶ {] kn ² o I cWw

JEEVITHA YATRA

Sept - Dec 2007 Vol. 3 Issue 1

Rs.2/-

Krishnamurti Foundation India


# മരണദുഃഖം എന്തുകൊണ്ട്?

നവീനതയെ അനാവരണം ചെയ്യലാണ് ധ്യാനം. ആവർത്തനസ്വഭാവമുള്ള ഭൂതകാലത്തിന് അപ്പുറത്തും മുകളിലുമാണ് നവീനത. ഈ ആവർത്തനത്തെ അവസാനിപ്പിക്കലാണ് ധ്യാനം. ധ്യാനം കൈവരുത്തുന്ന മരണം നവീനതയുടെ ചിരഞ്ജീവിത്വമാണ്. ചിന്തയുടെ മണ്ഡലത്തിൽ പെട്ടതല്ല നവീനത; ധ്യാനം ചിന്തയുടെ നിശ്ശബ്ദതയാണ്.

ധ്യാനം ഒരു നേട്ടമോ ദർശനലബ്ദിയോ വൈകാരികാഹ്ലാദമോ അല്ല. അടക്കിനിർത്താൻ കഴിയാത്ത, കരകവിഞ്ഞ് അതിവേഗത്തിൽ ഒഴുകുന്ന ഒരു നദിയെപ്പോലെയാണത്. ശബ്ദമില്ലാത്ത സംഗീതമാണത്. അതിനെ മെരുക്കിയെടുത്തു ഉപയോഗിക്കുവാൻ പറ്റില്ല. തുടക്കത്തിൽ തന്നെ നിരീക്ഷകന്റെ അസ്തിത്വം ഇല്ലാതാകുന്ന നിശ്ശബ്ദതയാണത്.

സൂര്യൻ ഇനിയും ഉദിച്ചുയർന്നിട്ടില്ല. മരങ്ങൾക്കിടയിലൂടെ നിങ്ങൾക്കു പ്രഭാതനക്ഷത്രത്തെ കാണാം-ശരിക്കും അസാധാരണമായ ഒരു നിശ്ശബ്ദത എങ്ങും വ്യാപിച്ചിരിക്കുന്നു. രണ്ടു ശബ്ദങ്ങൾക്കോ സംഗീതസ്വരങ്ങൾക്കോ ഇടയ്ക്കു വരുന്ന നിശ്ശബ്ദതയല്ല അത്. കാരണങ്ങളൊന്നുമില്ലാത്ത നിശ്ശബ്ദതയാണ് അത്. പ്രപഞ്ചാരംഭത്തിൽ നിലനിന്നിരിക്കാവുന്ന നിശ്ശബ്ദത. അത് താഴ്വരകളും കുന്നുകളും മുഴുവൻ നിറഞ്ഞു നിൽക്കുന്നു. രണ്ടു വലിയ മൂങ്ങകൾ പരസ്പരം വിളിക്കുന്ന മൂളൽ ആ നിശ്ശബ്ദതയെ ഭഞ്ജിക്കുന്നില്ല. വൈകിവന്ന ചന്ദ്രനെ നോക്കി അങ്ങെങ്ങോ നിന്നു കുരയ്ക്കുന്ന നായ ആ വിശാലതയുടെ ഭാഗമായി മാറുന്നു. ഹിമകണങ്ങൾ വിശേഷിച്ചും കട്ടിയുള്ളവയായിരുന്നു; സൂര്യൻ കുന്നിൻ മുകളിലേക്കു ഉയർന്നുവരുന്നതോടെ അവ സൂര്യന്റെ ആദ്യരശ്മികളുടെ ശോഭയിൽ വിവിധ വർണ്ണങ്ങളോടെ തിളങ്ങി.

മഞ്ഞുതുള്ളികൾ ജാകരാൻഡ മരത്തിന്റെ ലോലമായ ഇലകളെ ഭാരമുള്ളതാക്കിത്തീർത്തിരിക്കുന്നു. പക്ഷികൾ ചിറകടിച്ചുകൊണ്ടു പ്രഭാതസ്നാനത്തിനു എത്തിച്ചേരുന്നു; ലോലമായ ഇലകളിലെ മഞ്ഞുതുള്ളികൾ അവയുടെ തൂവലുകളിൽ പറ്റിച്ചേരുന്നു. കാക്കകൾ കൂടുതൽ ഉത്സാഹം പ്രകടിപ്പിച്ചിരുന്നു. ഇലകൾക്കിടയിലൂടെ കഴുത്തുനീട്ടിയും ചിറകുകൾ കുടഞ്ഞും കൊക്കുകൾ കൊണ്ട് ചൊറിഞ്ഞും അവ കൊമ്പുകൾ തോറും പറന്നു നടക്കുന്നു. അവയിൽ അരഡസനെങ്കിലും ആ തടിച്ച കൊമ്പത്തു ഇരിക്കുന്നുണ്ടാകാം. മറ്റനേകം പക്ഷികളും ആ മരത്തിന്റെ പല കൊമ്പുകളിലായി ഇരിക്കുന്നുണ്ട്; അവയും പ്രഭാതസ്നാന പരിപാടികളിൽ ഏർപ്പെടുന്നു.

ഈ നിശ്ശബ്ദത എങ്ങും വ്യാപിച്ച് കുന്നുകൾക്കപ്പുറത്തേക്കു എത്തുന്നതായി തോന്നുന്നു. കുട്ടികളുടെ പതിവുള്ള കൂക്കുവിളികളുടേയും പൊട്ടിച്ചിരികളുടേയും ശബ്ദം കൂട്ടത്തിൽ കേൾക്കാം. കൃഷിക്കളം ഉണർന്നെഴുന്നേൽക്കുകയാണ്.

തണുപ്പുള്ള ഒരു ദിവസമായിരിക്കും ഇത്. ഇപ്പോൾ സൂര്യന്റെ പ്രകാശം കുന്നുകൾ ഏറ്റുവാങ്ങുകയാണ്. പണ്ടുപണ്ടേയുള്ളതാണ് ഈ കുന്നുകൾ; ഒരു പക്ഷേ ലോകത്തിലേക്കും വച്ചു ഏറ്റവും പഴക്കമുള്ളവയാകാം അവ. ശ്രദ്ധാപൂർവ്വം വെട്ടിയൊരുക്കിയതാണെന്ന് തോന്നുന്ന വിചിത്രാകൃതിയിലുള്ള പാറകൾ, ഒന്നിനുമീതെ ഒന്നായി അവയിൽ നിലകൊള്ളുന്നു; കാറ്റടിച്ചാലോ തള്ളിയാലോ അവയ്ക്കു നിലതെറ്റില്ല.

നഗരങ്ങളിൽ നിന്ന് വളരെ അകന്നു കിടക്കുന്ന ഒരു താഴ്വരയാണത് അതിലൂടെ കടന്നു പോകുന്ന റോഡ്



മറ്റൊരു ഗ്രാമത്തിൽ ചെന്നു ചേരുന്നു. നിരപ്പില്ലാത്തതാണ് ആ പാത. ആ താഴ്‌വരയുടെ പഴക്കമേറിയ ശാന്തതയെ നശിപ്പിക്കാൻ അവിടെ കാറുകളോ ബസ്സുകളോ ഇല്ല. കാളവണ്ടികൾ ഉണ്ടെങ്കിലും അവയുടെ ചലനം കുന്നുകളുടെ ഒരു ഭാഗമായി മാറുന്നു. ശക്തിയായ മഴ വന്നാൽ മാത്രം വെള്ളം ഒഴുകുന്ന വരണ്ട ഒരു നദീതടം അവിടെ കാണാം. ചുവപ്പ്, മഞ്ഞ, തവിട്ട് എന്നിവയുടെ കലർപ്പാണ് അതിന്റെ നിറം. അതും കുന്നുകളോടൊപ്പം ചലിക്കുന്നതായി തോന്നുന്നു. നിശ്ശബ്ദരായി സഞ്ചരിക്കുന്ന ഗ്രാമീണർ പാറകളെപ്പോലെയായിരുന്നു.

പകൽ മുന്നോട്ടു നീങ്ങി; വൈകുന്നേരത്തിന്റെ ഒടുവിൽ സൂര്യൻ പടിഞ്ഞാറൻ കുന്നുകൾക്ക് പിന്നിൽ അസ്തമിക്കുന്നു. അകലെനിന്ന്, കുന്നുകൾക്കപ്പുറത്തുനിന്ന്, വൃക്ഷങ്ങൾക്കിടയിലൂടെ, കുറ്റിച്ചെടികളെയും വൃദ്ധനായ അരയാൽ മരത്തെയും ആവരണം ചെയ്തുകൊണ്ട് നിശ്ശബ്ദത വന്നു ചേർന്നു. നക്ഷത്രങ്ങളുടെ തിളക്കം വർദ്ധിച്ചതോടെ നിശ്ശബ്ദതയുടെ തീക്ഷ്ണത കൂടുകയും നിങ്ങൾക്കു സഹിക്കാൻ വയ്യാത്ത നിലയിൽ എത്തുകയും ചെയ്യുന്നു.

ഗ്രാമത്തിലെ കൊച്ചുകൊച്ചു വിളക്കുകൾ കെട്ടു, ഉറക്കം വന്നെത്തിയതോടെ, നിശ്ശബ്ദതയുടെ തീവ്രത കൂടുതൽ ആഴവും പരപ്പും നേടുകയും അവിശ്വസനീയമാംവിധം നിശിതമായിത്തീരുകയും ചെയ്തു. കുന്നുകൾ പോലും കൂടുതൽ ശാന്തമായി, അവയിലെ പിറുപിറുക്കലും ചലനവും അവസാനിച്ചു; അവയ്ക്ക് അവയുടെ ഭീമമായ ഭാരം നഷ്ടപ്പെട്ടതായി തോന്നി.

തനിക്ക് നാല്പത്തഞ്ചുവയസ്സു പ്രായമായെന്നാണ് അവൾ പറഞ്ഞത്. അവൾ ശ്രദ്ധാപൂർവ്വം സാരി ഉടുത്തിരുന്നു; കൈകളിൽ ഏതാനും വളകളും ഇട്ടിട്ടുണ്ട്. അവളുടെ കൂടെയുള്ള പ്രായം ചെന്ന മനുഷ്യൻ താൻ അവളുടെ അമ്മാവനാണെന്നാണ് പറഞ്ഞത്. ഞങ്ങൾ എല്ലാവരും നിലത്തിരുന്നു. വലിയൊരു ആൽമരവും ഏതാനും മാവുകളും ശോഭയുള്ള ബോഗൻവില്ലച്ചെടികളും വളർന്നുവരുന്ന പനകളും നിറഞ്ഞ വിശാലമായ ആരാമമുണ്ട് ഞങ്ങളുടെ മുമ്പിൽ. അവൾ വല്ലാതെ ദുഃഖിതയായിരുന്നു; അവളുടെ കൈകൾ വിറച്ചിരുന്നു. എന്തെങ്കിലും പുലമ്പുകയോ കരയുകയോ ചെയ്യാതിരിക്കാൻ അവൾ ശ്രമിച്ചിരുന്നു. അമ്മാവൻ പറഞ്ഞു. "ഞങ്ങൾ വന്നത് എന്റെ മരുമകളെക്കുറിച്ച് നിങ്ങളുമായി സംസാരിക്കാനാണ്. ഏതാനും വർഷങ്ങൾക്കുമുമ്പ് അവളുടെ ഭർത്താവ് മരിച്ചു; പിന്നീട് അവളുടെ മകനും. ഇപ്പോൾ അവൾ കരച്ചിൽ നിറുത്തുന്നില്ല; ശരീരത്തിനുവല്ലാത്ത ക്ഷീണമുണ്ട്. എന്താണ് ചെയ്യേണ്ടതെന്ന് ഞങ്ങൾക്കറിയില്ല. ഡോക്ടർമാരുടെ പതിവു നിർദ്ദേശങ്ങൾകൊണ്ടു പ്രയോജനമൊന്നും ഉള്ളതായി തോന്നുന്നില്ല. മറ്റു മക്കളുമായുള്ള ബന്ധം അവൾക്കു നഷ്ടപ്പെടുന്നതായി തോന്നുന്നു. അവളുടെ ശരീരം ശോഷിച്ചുവരുന്നു. ഇതെല്ലാം എവിടെച്ചെന്നു അവസാനിക്കുമെന്നു ഞങ്ങൾക്കറിയില്ല. അങ്ങയെ വന്നുകാണണമമെന്നു അവൾ നിർബന്ധം പിടിക്കുന്നു."

''നാലുകൊല്ലം മുമ്പ് എന്റെ ഭർത്താവ് മരിച്ചു. അദ്ദേഹം ഡോക്ടറായിരുന്നു. അർബുദരോഗം മൂലമാണ് അദ്ദേഹം മരിച്ചത്. രോഗവിവരം അദ്ദേഹം എന്നിൽ നിന്ന് മറച്ചുവച്ചിരുന്നു. അവസാനവർഷത്തിലോ മറേറാ ആണ് ഞാനറിഞ്ഞത്. ഡോക്ടർമാർ മോർഫിനും മറ്റു മയക്കുമരുന്നുകളും നല്കിയിരുന്നെങ്കിലും അദ്ദേഹം കഠിനമായ വേദന അനുഭവിച്ചിരുന്നു. എന്റെ കണ്ണുകൾക്കുമുമ്പിൽ അദ്ദേഹം വാടിക്കൊഴിഞ്ഞു വീണു."

കണ്ണുനീരുകൊണ്ട് തൊണ്ടയിടറി അവൾ സംസാരം നിറുത്തി. മരക്കൊമ്പുകളിലിരുന്ന് ഒരു പ്രാവു പതുക്കെ കൂവുന്നുണ്ടായിരുന്നു. തവിട്ടു കലർന്ന ചാര നിറമായിരുന്നു അതിന്. ചെറിയ തലയും വലിയ ശരീരവുമുള്ള ഒന്നായിരുന്നു അത്. വളരെ വലിയതല്ല, അതൊരു പ്രാവാണല്ലോ. പെട്ടന്നു അതു പറന്നുപോയി. ആ പറക്കലിന്റെ ആയത്തിൽ മരക്കൊമ്പ് മുകളിലോട്ടും താഴോട്ടും ആടി.

"ഈ ഏകാന്തത, അദ്ദേഹത്തെ കൂടാതെയുള്ള അർത്ഥശൂന്യമായ ഈ ജീവിതം, എനിക്ക് സഹിക്കാൻ കഴിയുന്നില്ല. എന്റെ കുട്ടികളെ ഞാൻ സ്നേഹിക്കുന്നു. എനിക്ക് മൂന്നു മക്കളുണ്ട്. ഒരാണും രണ്ടുപെണ്ണും. കഴിഞ്ഞ കൊല്ലം ഒരു ദിവസം മകൻ അവന്റെ സ്കൂളിൽനിന്ന് തനിക്കു സുഖമില്ലെന്നു പറഞ്ഞു എനിക്കു എഴുതി. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അവൻ മരിച്ചു എന്നു ഹെഡ്‌മാസ്റ്റർ ഫോണിലൂടെ എന്നെ അറിയിച്ചു."

ഈ സന്ദർഭത്തിൽ അവൾ നിയന്ത്രണാതീതയായി വിങ്ങിക്കരയാൻ തുടങ്ങി. മകൻ എഴുതിയ ഒരു കത്ത് അവൾ കാണിച്ചുതന്നു: തനിക്കു സുഖമില്ലെന്നും അതുകൊണ്ടു വീട്ടിലേക്കു വരണമെന്നും അവൻ അതിൽ എഴുതിയുരുന്നു. അമ്മയുടെ സുഖവിവരവും അവൻ അന്വേഷിച്ചിട്ടുണ്ട്. തന്നെക്കുറിച്ച് അവന് ഉത്ക്കണ്ഠ ഉണ്ടായിരുന്നുവെന്നും സ്കൂളിൽപ്പോകാതെ അമ്മയോടൊപ്പം കഴിയാനാണ് അവൻ ഇഷ്ടപ്പെട്ടിരുന്നതെന്നും അവൾ പറഞ്ഞു. തന്റെ ദുഃഖാവസ്ഥ അവനെ ബാധിക്കുമെന്ന ഭയത്താൽ അവൾ വളരെ നിർബന്ധിച്ചു അവനെ സ്കൂളിലേക്കു പറഞ്ഞയച്ചു. ഇനി അതേക്കുറിച്ചു ചിന്തിച്ചിട്ടു കാര്യമില്ല. പെൺമക്കൾ രണ്ടുപേർക്കും വീട്ടിലെ സ്ഥിതിഗതികളുടെ പൂർണ്ണരൂപം ലഭിച്ചിട്ടില്ല; അവർക്കു പ്രായം വളരെ കുറവാണ്. പെട്ടന്ന് പൊട്ടിക്കരഞ്ഞു കൊണ്ടു അവൾ തുടർന്നു: "എന്താണ് ചെയ്യേണ്ടതെന്നു എനിക്കറിഞ്ഞുകൂടാ. ഈ മരണം എന്റെ ജീവിതത്തിന്റെ അടിത്തറതന്നെ തകർത്തിരിക്കുന്നു. ഞങ്ങളുടെ ദാമ്പത്യബന്ധം ഉറപ്പുള്ളതെന്നു ഞങ്ങൾ കരുതിയ ഒരു അടിത്തറയിൽ, ഒരു വീടെന്നപോലെ, ശ്രദ്ധാപൂർവ്വം പടുത്തുയർത്തിയതായിരുന്നു. ഈ വലിയ ആപത്തോടെ എല്ലാം തകർന്നിരിക്കുന്നു."

അമ്മാവൻ പഴയമട്ടുകാരനായ ഒരു ഈശ്വരവിശ്വാസിയായിരിക്കണം. അദ്ദേഹം പറഞ്ഞു: "ഇത് ഇവൾക്കുള്ള ഈശ്വരന്റെ പരീക്ഷണമാണ്. ആവശ്യമായ എല്ലാ കർമ്മങ്ങളും അവൾ ചെയ്തു കഴിഞ്ഞു. പക്ഷേ അവ ഇവൾക്കു ആശ്വാസം നല്കുന്നില്ല. ഞാൻ പുനർജന്മത്തിൽ വിശ്വസിക്കുന്നു; പക്ഷേ ഇവൾക്കതിൽ ആശ്വാസം കണ്ടെത്താൻ കഴിയുന്നില്ല. അവൾ അതേക്കുറിച്ചു സംസാരിക്കാനേ ഇഷ്ടപ്പെടുന്നില്ല. അവൾ അതെല്ലാം അർത്ഥശൂന്യങ്ങളായി കണക്കാക്കുന്നു. ഒരു വിധത്തിലും ഇവളെ ആശ്വസിപ്പിക്കുവാൻ ഞങ്ങൾക്ക് കഴിയുന്നില്ല."

ഞങ്ങൾ കുറെ നേരം നിശ്ശബ്ദരായിരുന്നു. അവളുടെ തൂവാല നനഞ്ഞു കുതിർന്നിരുന്നു. മേശവലിപ്പിൽ നിന്ന് എടുത്തുകൊടുത്ത ഒരു പുതിയ തൂവാല കൊണ്ടു അവൾ കവിളുകളിലെ കണ്ണുനീരൊപ്പി. ചുവന്ന ബോഗൻവില്ല പൂക്കൾ ജനാലയിലൂടെ എത്തിനോക്കുന്നുണ്ടായിരുന്നു; തെക്കു ഭാഗത്തു നിന്നുള്ള വെളിച്ചത്തിന്റെ പ്രകാശം എല്ലാ ഇലകളിലും വ്യാപിച്ചിരുന്നു.

ഇതേക്കുറിച്ചു ഗൗരവമായി ചർച്ച ചെയ്യാൻ–അടിവേരുവരെ ചുഴിഞ്ഞിറങ്ങാൻ–നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? അതോ ഏതെങ്കിലും തരത്തിലുള്ള വിശദീകരണങ്ങളിലോ യുക്തിവാദങ്ങളിലോ ആശ്വാസം കണ്ടെത്താനും അങ്ങനെ സാന്ത്വനവാക്കുകൾകൊണ്ടു ദുഃഖത്തിൽനിന്നു ഒഴിഞ്ഞുമാറാനുമാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്?

അവൾ മറുപടി പറഞ്ഞു: "ഈ പ്രശ്നം ആഴത്തിൽ പഠിക്കണമെന്നുണ്ട് എനിക്ക്. പക്ഷേ നിങ്ങൾ പറയാൻ പോകുന്നതിനെ നേരിടാനുള്ള കഴിവോ ധൈര്യമോ എനിക്കുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. ഭർത്താവ് ജീവിച്ചിരുന്നപ്പോൾ, ഞങ്ങൾ ഒരുമിച്ച് നിങ്ങളുടെ ചില പ്രസംഗങ്ങൾ കേൾക്കാൻ വന്നിട്ടുണ്ട്. പക്ഷേ നിങ്ങൾ പറയുന്നതു ഉൾക്കൊള്ളാൻ ഇപ്പോൾ എനിക്ക് ബുദ്ധിമുട്ടുതോന്നിയേക്കാം."

നിങ്ങൾ എന്തുകൊണ്ടാണ് ദുഃഖിക്കുന്നത്? മറുപടി പറയാൻ ശ്രമിക്കേണ്ട; കാരണം അതു നിങ്ങളുടെ വികാരത്തിന്റെ വാഗ്രൂപം മാത്രമായിരിക്കും; വാസ്തവമായിരിക്കില്ല. അതുകൊണ്ട് ഞങ്ങൾ ചോദ്യം ചോദിക്കുമ്പോൾ അതിനു മറുപടി പറയാതിരിക്കുക, ശ്രദ്ധിക്കൂ, എന്നിട്ട് സ്വയം കണ്ടെത്തു. എന്തുകൊണ്ട് ഈ മരണദുഃഖം ഉണ്ടാകുന്നു? എല്ലാ വീട്ടിലും, സമ്പന്നർക്കും ദരിദ്രർക്കും, രാജ്യത്തിലെ പരമാധികാരിക്കും പിച്ചക്കാരനും എല്ലാം? എന്തിന് നിങ്ങൾ ദുഃഖിക്കുന്നു? ഭർത്താവിനെക്കുറിച്ചാണോ അത്, അതോ നിങ്ങളെക്കുറിച്ചുതന്നയോ? അദ്ദേഹത്തിനു വേണ്ടിയാണ് നിങ്ങൾ കരയുന്നതെങ്കിൽ, നിങ്ങളുടെ കണ്ണുനീർ അദ്ദേഹത്തെ ഏതെങ്കിലും വിധത്തിൽ സഹായിക്കുമോ? മടങ്ങിവരാൻ പറ്റാത്തവിധം അദ്ദേഹം പോയിക്കഴിഞ്ഞു-നിങ്ങൾ എന്തുതന്നെ ചെയ്താലും അദ്ദേഹത്തെ നിങ്ങൾക്കു തിരിച്ചുകിട്ടില്ല. കണ്ണീരിനോ, വിശ്വാസങ്ങൾക്കോ കർമ്മാദികൾക്കോ ഈശ്വരൻമ്മാർക്കോ അദ്ദേഹത്തെ തിരിച്ചു കൊണ്ടുവരാൻ കഴിയില്ല. അതു ഒരു യാഥാർത്ഥ്യമാണ്; നിങ്ങൾ അതു അംഗീകരിച്ചേ പറ്റു; അതേക്കുറിച്ചു നിങ്ങൾക്കു ഒന്നുംതന്നെ ചെയ്യുവാൻ കഴിയില്ല. പക്ഷേ നിങ്ങൾ നിങ്ങൾക്കു വേണ്ടിയാണ് കരയുന്നതെങ്കിൽ, നിങ്ങളുടെ ഏകാന്തതയെയും നിങ്ങളുടെ ശൂന്യമായ ജീവിതത്തെയും നിങ്ങൾക്കു ലഭിച്ച ശാരീരികമായ ആനന്ദാനുഭവങ്ങളെയും ചങ്ങാത്തത്തെയും ചൊല്ലിയാണ് നിങ്ങൾ കരയുന്നതെങ്കിൽ അതിനു കാരണം നിങ്ങൾക്കനുഭവപ്പെടുന്ന ശൂന്യതയും ആത്മാനുകമ്പയും ആയിരിക്കില്ലേ? ഒരു പക്ഷേ സ്വന്തം ആന്തരിക ദാരിദ്ര്യത്തെക്കുറിച്ചു നിങ്ങൾ ആദ്യമായിട്ടായിരിക്കും മനസ്സിലാക്കുന്നത്. സൗമ്യമായ ഭാഷയിൽ പറഞ്ഞാൽ നിങ്ങൾ നിങ്ങളുടെ ഭർത്താവിനെ നല്ലൊരു മുതൽമുടക്കായിട്ടാണ് പരിഗണിച്ചിരുന്നത്, അല്ലേ? ആ ചിന്ത നിങ്ങൾക്കു ആശ്വാസവും സംതൃപ്തിയും സന്തോഷവും നല്കിയിരുന്നു ഇല്ലേ? ഇപ്പോൾ നിങ്ങൾക്ക് അനുഭവപ്പെടുന്ന നഷ്ടബോധവും ഏകാന്തതയുടെ വേദനയും ഉത്ക്കണ്ഠയുമെല്ലാം ആത്മാനുകമ്പയുടെ വകഭേദം തന്നെയല്ലേ? അതിന്റെ നേരെനോക്കൂ; അതിനെതിരെ ഹൃദയം കടുപ്പിച്ചു ഇങ്ങനെ പറയാതിരിക്കൂ:

"ഞാൻ എന്റെ ഭർത്താവിനെ സ്നേഹിച്ചിരുന്നു, എന്നെക്കുറിച്ചു ഞാൻ ചിന്തിച്ചതേയില്ല. അദ്ദേഹത്തെ സംരക്ഷിക്കാനാണ് ഞാൻ ആഗ്രഹിച്ചത്; പലപ്പോഴും അദ്ദേഹത്തെ ഭരിക്കാൻ ഞാൻ ശ്രമിക്കാറുണ്ടന്നതു ശരി തന്നെ. പക്ഷേ അതെല്ലാം അദ്ദേഹത്തിനു വേണ്ടിയായിരുന്നു. എന്നക്കുറിച്ച് ഞാൻ ഒരിക്കലും ചിന്തിച്ചില്ല.'' അപ്പോൾ അദ്ദേഹം മരിച്ചുകഴിഞ്ഞിരിക്കെ നിങ്ങളുടെ യഥാർത്ഥനില നിങ്ങൾ മനസ്സിലാക്കുന്നു, അല്ലേ? അദ്ദേഹത്തിന്റെ മരണം നിങ്ങളെ ഉലച്ചുകളഞ്ഞു; നിങ്ങളുടെ മനസ്സിന്റേയും ഹൃദയത്തിന്റെയും യഥാർത്ഥനില അതു നിങ്ങൾക്കു കാണിച്ചുതന്നിരിക്കുന്നു. അതിനെ നേരിടാൻ നിങ്ങൾ തയ്യാറല്ലായിരിക്കാം; ഭയംകൊണ്ട് നിങ്ങൾ അതിനെ നിരസിച്ചേക്കാം. പക്ഷേ നിങ്ങൾ കുറെക്കൂടി ശ്രദ്ധിച്ചു വീക്ഷിച്ചാൽ നിങ്ങൾ കരയുന്നതു നിങ്ങളുടെ സ്വന്തം ഏകാന്തതയെ പ്രതിയാണെന്ന്, നിങ്ങളുടെ ആന്തരിക ദാരിദ്രത്തെക്കുറിച്ചാണെന്നു -അതായത് ആത്മാനുകമ്പമൂലമാണെന്ന് നിങ്ങൾക്കു ബോധ്യപ്പെടും.

"നിങ്ങൾ ക്രൂരമായി സംസാരിക്കുന്നു, ഇല്ലേ?" അവൾ പറഞ്ഞു" ഞാൻ നിങ്ങളെ സമീപിച്ചതു ശരിക്കും ആശ്വാസം ലഭിക്കാനാണ്. എന്നിട്ട് നിങ്ങൾ എനിക്കു തരുന്നതെന്താണ്?"

മിക്ക മനുഷ്യർക്കുമുള്ള മിഥ്യാധാരണകളിൽ ഒന്നാണ്, മാനസികമായ ആശ്വാസം എന്നൊന്ന് ഉണ്ടെന്നും മറ്റൊരാൾക്ക് അതു നിങ്ങൾക്കു നൽകാൻ കഴിയുമെന്നും, അല്ലെങ്കിൽ നിങ്ങൾക്കു തന്നെ അത് കണ്ടെത്താൻ സാധിക്കുമെന്നും ഉള്ള വിചാരം. അങ്ങനെ ഒരവസ്ഥ ഇല്ലെന്നാണ് എനിക്കു തോന്നുന്നത്. നിങ്ങൾ ആശ്വാസം തേടുന്നുണ്ടെങ്കിൽ നിശ്ചയമായും നിങ്ങൾ ഒരു മിഥ്യാലോകത്തിലാണ്; ആ മിഥ്യാധാരണ തകരുമ്പോൾ നിങ്ങൾ ദുഃഖിക്കുന്നു. കാരണം ആശ്വാസം നിങ്ങളിൽ നിന്ന് എടുത്തു മാറ്റപ്പെട്ടിരിക്കുന്നു. അതിനാൽ ദുഃഖമെന്തെന്നു മനസ്സിലാക്കാനോ അതിനെ മറികടക്കാനോ കഴിയണമെങ്കിൽ നിങ്ങളുടെ മനസ്സിൽ എന്താണ് നടക്കുന്നതെന്ന് യഥാർത്ഥമായി നിങ്ങൾ കാണണം; അല്ലാതെ അതു മൂടിവെയ്ക്കുകയല്ല വേണ്ടത്. ഇതെല്ലാം ചൂണ്ടിക്കാണിക്കുന്നതു ക്രൂരതയല്ലല്ലോ, ആണോ? മുഖം തിരിക്കേണ്ട ബീഭത്സമായ കാഴ്ചയല്ല അത്. ഇതെല്ലാം മനസ്സിലാക്കിക്കഴി

# യഥാർത്ഥ പ്രശ്നം

ബോംബെ, 1958, റാവു സാഹിബ് പട്‌വർദ്ധൻ കൃഷ്ണാജിയെ കാണാൻ ഒരു സുഹൃത്തിനെയും കൂട്ടി വന്നു. എഴുത്തുകാരനും ഒരു വക്കീലും മാർക്സിസ്റ്റ് സൈദ്ധാന്തികനുമായിരുന്നു പി.വി.ദേശ്പാണ്ഡെ. മാക്സിസത്തിന്റെ മോഹവിഭ്രാന്തിയിലകപ്പെട്ടിരുന്ന ദേശ്പാണ്ഡെ വിദ്യാസമ്പന്നതയിലും ധിഷണാവൈഭവത്തിലും തന്റെ തീഷ്ണരോഷത്തിന്റെ കാര്യത്തിലും പേരുകേട്ടവനുമായിരുന്നു. ഭാര്യയുമുണ്ടായിരുന്നു അദ്ദേഹത്തോടൊപ്പം. ദുഃഖം അവരിരുവരെയും തകർത്തു കഴിഞ്ഞിരുന്നു. മകൻ മരണപ്പെട്ടപ്പോൾ മാക്സിസത്തിൽ ഒരുത്തരവും ഇല്ലായിരുന്നു. അയാൾ തന്റെ ബ്രാഹ്മണ്യപ്പഴമയിലേയ്ക്ക് തിരിഞ്ഞിരുന്നു. ഭാര്യ വേദങ്ങളിലേയ്ക്കും ഉപനിഷത്തു കളിലേയ്ക്കും. ഋഗ്വേദത്തിലെ സൃഷ്ടി മന്ത്രം അവരിൽ ഒരു നിമിഷത്തെ ശിഥിലാത്മകാവബോധമുണർത്തി. ദേശ്പാണ്ഡെ ആ മന്ത്രങ്ങൾക്ക് വ്യാഖ്യാനമെഴുതിയിരുന്നു. അതിലൂടെയായിരുന്നു അയാൾ റാവു പട്‌വർദ്ധനെ കണ്ടുമുട്ടിയത്. ബോംബെയിൽ വെച്ചായിരുന്നു ദേശ്പാണ്ഡെയും ഭാര്യയും കൃഷ്ണാജിയെ സന്ധിച്ചത്. ദേശ്പാണ്ഡെ ആകെ മെലിഞ്ഞു പോയിരുന്നു. ഒട്ടിയ മുഖത്ത് ദുഃഖത്തിന്റെ ഇരുണ്ട രേഖകൾ കാണപ്പെട്ടു. അപ്പോൾപ്പോലും അയാളിൽ അദ്ഭുതകരമായ ജൈവശക്തിയുണ്ടായിരുന്നു. 'ഞാനൊരു മാക്സിസ്റ്റാണ്' അയാൾ പറഞ്ഞു, എനിക്കതിനെക്കുറിച്ച് നിങ്ങളോട് ചർച്ച ചെയ്യണം. ഒരു പരിധിയാലും തടയപ്പെടാതെ എനിക്ക് നിങ്ങളോട് സംസാരിക്കണം. നിങ്ങൾ പറയുന്നതാണ് ശരിയെങ്കിൽ ഞാൻ മാർക്സിസം കൈവെടിഞ്ഞ് നിങ്ങൾക്കൊപ്പം ചേരും.

പിന്നീടതു വിശദീകരിക്കവേ കൃഷ്ണാജിയുമായൊരു വാക്പയറ്റിന് ദേശ്പാണ്ഡെ ശ്രമിച്ചു. അയാൾ വെല്ലുവിളി ഉയർത്തിയെങ്കിലും അതേറ്റു പിടിക്കാൻ മറ്റേയറ്റത്ത് ആരുമുണ്ടായില്ല. ഇതദ്ദേഹത്തെ വിഹ്വലനാക്കി, ക്ഷുഭിതനാക്കി. അയാളുടെ അന്വേഷണം ശക്തവും തീവ്രവുമാകുന്തോറും അഭിമുഖീകരിക്കാനുണ്ടായിരുന്നത് കൂടുതൽ ശൂന്യമായ ഒരിടത്തെയായിരുന്നു. പൊടുന്നനെ എല്ലാ അന്വേഷണവും അവസാനിച്ചു. കൃഷ്ണാജി പറഞ്ഞു; മാർക്സിസമല്ല പ്രശ്നം, നിങ്ങളുടെ കുട്ടിയുടെ മരണമാണ്. ദേശ്പാണ്ഡെയ്ക്ക് തുടരാനായില്ല. "നമുക്കതിനെക്കുറിച്ച് സംസാരിക്കാം. നിങ്ങളുടെ ദുഃഖത്തെക്കുറിച്ചും". കൃഷ്ണാജി പറഞ്ഞു. കൃഷ്ണാജി മരണത്തെക്കുറിച്ചു സംസാരിക്കവേ അവർ മുന്നിൽ നിശ്ശബ്ദരായിരുന്നു. വാക്കുകൾക്കു പര്യവസാനമായപ്പോൾ ദേശ്പാണ്ഡെയും ഭാര്യയും നനഞ്ഞ കണ്ണുകളോടെ പുറത്തേയ്ക്കു നടന്നു. റാവു അവരോടു ചോദിച്ചു. "നിങ്ങൾക്കു സമാധാനമായോ". ദേശ്പാണ്ഡെ പറഞ്ഞു, എല്ലാ പ്രശ്നവും അവസാനിച്ചു.

*("ജെ. കൃഷ്ണമൂർത്തി. എ ബയോഗ്രഫി" (പുപുൾ ജയക്കർ) എന്ന പുസ്തകത്തിൽ നിന്ന്.)*

യുമ്പോൾ, ഉടനടി നിങ്ങൾക്കതിൽനിന്ന് ഒരു പോറൽപോലും ഏല്ക്കാതെ, ഒട്ടും കറപുരളാതെ ജീവിതാനുഭവങ്ങളാൽ സ്പർശിക്കപ്പെടാതെ ഉന്മേഷത്തോടെ പുറത്തുകടക്കാൻ സാധിക്കും. നമ്മേ എല്ലാവരേയും സംബന്ധിച്ചും അനിവാര്യമായ ഒന്നാണ് മരണം. ആർക്കും അതിൽ നിന്ന് മോചനം നേടാൻ കഴിയില്ല. മരണത്തെ അതിജീവിക്കാമെന്ന പ്രതീക്ഷയോടെ നമ്മൾ പല വിധത്തിലുള്ള വിശദീകരണങ്ങൾ കണ്ടെത്താനും പല തരത്തിലുള്ള വിശ്വാസങ്ങൾ വച്ചുപുലർത്താനും ശ്രമിക്കുന്നു. പക്ഷേ നിങ്ങൾ എന്തു തന്നെ ചെയ്തോളു അതു എപ്പോഴും അവിടെ ഉണ്ടാകും - നാളെയാകാം, അല്ലെങ്കിൽ ഏതാനുംദിവസം കഴിഞ്ഞാകാം, അതുമല്ലെങ്കിൽ കൊല്ലങ്ങൾക്കപ്പുറത്താകാം, അത് എന്നും അവിടെ ഉണ്ടാകും. ജീവിതത്തിലെ ഈ മഹാസത്യത്തെ നാം സന്ധിച്ചേ മതിയാകൂ.

"പക്ഷേ" അമ്മാവൻ പറഞ്ഞു. ആത്മാവിനെക്കുറിച്ചും അനശ്വരമായ അസ്തിത്വത്തെക്കുറിച്ചും ഉള്ള പരമ്പരാഗത വിശ്വാസം അദ്ദേഹത്തിലൂടെ പുറത്തുവന്നു. തന്ത്രപരമായ വാദങ്ങളും ഉദ്ധരണികളും ഉപയോഗപ്പെടുത്തുന്ന ചിരപരിചിതമായ സ്വന്തം തറയിലാണ് അദ്ദേഹം നിലകൊള്ളുന്നത്. അദ്ദേഹം പെട്ടന്നു നിവർന്നിരുന്നു. അദ്ദേഹത്തിന്റെ കണ്ണുകളിൽ വാഗ്വാദത്തിന്റെ തിളക്കമുണ്ടായി. സഹാനുഭൂതി, സ്നേഹം, പരസ്പരധാരണ ഇവയെല്ലാം അപ്രത്യക്ഷമായിരുന്നു. ശീലവിധേയത്വത്തിന്റെ കഠിനഭാരത്താൽ നിരപ്പാക്കപ്പെട്ട വിശ്വാസത്തിന്റെയും പാരമ്പര്യത്തിന്റെയും വിശുദ്ധതലത്തിലാണ് അദ്ദേഹം ഇപ്പോൾ. "ആത്മാവ് നമ്മിൽ ഓരോരുത്തരിലും ഉണ്ട്. അതു പുനർജനനം നടത്തിക്കൊണ്ടിരിക്കും. സ്വയം ബ്രഹ്മമാണെന്ന ബോധം കൈവരുന്നതുവരെ അതു തുടരും. ഈ സത്യത്തിലെത്താൻ നാം ദുഃഖത്തിലൂടെ കടന്നു പോകേണ്ടതുണ്ട്.നാം മായയിലാണ് ജീവിക്കുന്നത്; ലോകം മായയാണ്. യാഥാർത്ഥ്യം ഒന്നേയുള്ളു."

അദ്ദേഹം പറഞ്ഞവസാനിപ്പിച്ചു. അദ്ദേഹത്തെ കാര്യമായി ശ്രദ്ധിക്കാതെ അവൾ എന്റെനേരെ നോക്കി. അവളുടെ മുഖത്തു സൗമ്യമായ ഒരു പുഞ്ചിരി വിടർന്നു. ഞങ്ങൾ രണ്ടുപേരും വൃക്ഷക്കൊമ്പിലേക്കു മടങ്ങിവന്ന പ്രാവിനേയും ചുവന്ന ബോഗൻവില്ലപൂക്കളെയും നോക്കിയിരുന്നു.

ഈ ലോകത്തിലോ നമ്മിൽത്തന്നെയോ ശാശ്വതമായിട്ടുള്ളത് ഒന്നും തന്നയില്ല. ചിന്തയ്ക്കു അതിനു വിധേയമായ വസ്തുവിന് നൈരന്തര്യം നൽകാൻ കഴിയും. ഒരു വാക്കിന്, ഒരാശയത്തിന്, ഒരു പാരമ്പര്യത്തിന് ശാശ്വതത്വം നല്കാൻ അതിനു സാധിക്കും. ചിന്ത സ്വയം ശാശ്വതമാണെന്നു കരുതുന്നു; പക്ഷേ അതു ശാശ്വതമാണോ? ചിന്ത ഓർമയുടെ പ്രതികരണമാണ്. ഓർമ ശാശ്വതമാണോ? അതിന് ഒരു ബിംബത്തെ സൃഷ്ടിക്കാനും ആ ബിംബത്തിന് ആത്മാവെന്നോ മറ്റോ വിളിച്ചു നൈരന്തര്യമോ സ്ഥിരതയോ നല്കാനും കഴിയും. അതിന് ഭർത്താവിന്റെയോ ഭാര്യയുടെയോ മുഖത്തെക്കുറിച്ചുള്ള ഓർമ ഉളവാക്കാനും നിലനിർത്താനും സാധിക്കും. ഇതെല്ലാം ചിന്തയുടെ പ്രവർത്തനമാണ്. അതു ഭയം ഉളവാക്കുന്നു. ആ ഭയത്തിൽനിന്ന് നാളെ ഭക്ഷണമില്ലെന്ന ഭയത്തിൽനിന്ന് , പാർപ്പിടമില്ലെന്ന ഭയത്തിൽനിന്ന്, മരണത്തെക്കുറിച്ചുള്ള ഭയത്തിൽനിന്ന് - ശാശ്വതത്വത്തിനു വേണ്ടിയുള്ള യത്നം ആരംഭിക്കുന്നു. ചിന്തയുടെ ഫലമാണ് ഈ ഭയം; ബ്രഹ്മനും ചിന്തയുടെ ഫലം തന്നെ.

അമ്മാവൻ പറഞ്ഞു: "ഓർമയും ചിന്തയും മെഴുകുതിരി പോലെയാണ്. നിങ്ങൾ അതു കെടുത്തുന്നു, വീണ്ടും കത്തിക്കുന്നു. നിങ്ങൾ മറക്കുന്നു; പിന്നീട് ഓർമിക്കുന്നു. നിങ്ങൾ മരിക്കുന്നു; മറ്റൊരു ജീവിതത്തിലേക്കു പുനർജനിക്കുന്നു. മെഴുകുതിരിയുടെ നാളം ഒന്നുതന്നെയാണ് - എന്നാൽ ഒന്നുതന്നെയല്ലതാനും അതായത് ആ നാളത്തിൽ തുടർച്ചയുടെതായ ഒരംശം ഉണ്ട്."

പക്ഷേ ആ കെട്ടുപോയ നാളവും പുതിയ നാളവും ഒന്നു തന്നെയല്ല. പഴയതു അവസാനിക്കുന്നു, പുതിയത് തുടങ്ങാൻ. നവീകൃതമായ നൈരന്തര്യമുള്ളപ്പോൾ പുതുതായി ഒന്നും തന്നെ ഉണ്ടാകുന്നില്ല. ആയിരം ഇന്നലെകളെ പുതുതാക്കാൻ സാധ്യമല്ല. മെഴുകുതിരിയും സ്വയം കത്തിയമരും. എല്ലാ വസ്തുക്കളും ഇല്ലാതാകണം, പുതിയവ ജന്മമെടുക്കണമെങ്കിൽ.

ഉദ്ധരണികളെയോ വിശ്വാസങ്ങളെയോ മറ്റുള്ളവരുടെ അഭിപ്രായങ്ങളെയോ ആശ്രയിക്കാൻ കഴിയാതായ അമ്മാവൻ നിശ്ശബ്ദനായി അടങ്ങിയിരുന്നു. മൗനിയുംആശയക്കുഴപ്പത്തിൽ പെട്ടവനുമായ അദ്ദേഹത്തിന് ഒരുപക്ഷേ കോപം തോന്നിയിരിക്കാം. അദ്ദേഹം സ്വയം അനാവൃതനായിരിക്കുന്നു. തന്റെ മരുമകളെപ്പോലെ അദ്ദേഹം വസ്തുതകളെ അഭിമുഖീകരിക്കാൻ ആഗ്രഹിച്ചില്ല.

"ഇതിലൊന്നും എനിക്കു താത്പര്യമില്ല" അവൾ പറഞ്ഞു. "ഞാൻ വല്ലാത്ത സങ്കടത്തിലാണ്. എന്റെ ഭർത്താവും എന്റെ മകനും എനിക്ക് നഷ്ടപ്പെട്ടിരിക്കുന്നു. ഇനി രണ്ടു കുട്ടികളാണ് ശേഷിച്ചിരിക്കുന്നത്. ഞാൻ എന്താണ് ചെയ്യേണ്ടത്?"

ആ രണ്ടു കുട്ടികളുടെ കാര്യത്തിൽ താത്പര്യമുണ്ടെങ്കിൽ നിങ്ങൾ നിങ്ങളെക്കുറിച്ചും നിങ്ങളുടെ ദുഃഖത്തെക്കുറിച്ചും വേവലാതിപ്പെടരുത്. അവരെ സംരക്ഷിക്കണം; ശരിയായ രീതിയിൽ വിദ്യാഭ്യാസം ചെയ്യിക്കണം; സാമാന്യ രീതി വിട്ടു ഉയർന്ന നിലയിൽ അവരെ വളർത്തിക്കൊണ്ടുവരണം. പക്ഷേ നിങ്ങൾ ആത്മാനുകമ്പയിൽ - ഭർത്താവിനോടുള്ള സ്നേഹം എന്നാണ് നിങ്ങൾ അതിനെ വിളിക്കുന്നത് - മുഴുകുകയാണെങ്കിൽ, നിങ്ങൾ ഏകാന്തതയിലേക്കു ഉൾവലിയുകയാണെങ്കിൽ നിങ്ങൾ ആ രണ്ടു കുട്ടികളേയും നശിപ്പിക്കുകയാണ് ചെയ്യുന്നത്. ബോധപൂർവ്വമായോ അബോധപൂർവ്വമായോ നമ്മളെല്ലാം സ്വാർത്ഥമതികളാണ്; നമ്മുടെ ആവശ്യങ്ങളെല്ലാം നിർവഹിക്കപ്പെടുന്നേടത്തോളംകാലം കാര്യങ്ങൾ എല്ലാം ശരിയാണെന്ന് നാം കരുതുന്നു. പക്ഷേ അതൊക്കെ തകരാറിലാക്കുന്ന എന്തെങ്കിലും ഒന്നു സംഭവിച്ചാൽ ആ നിമിഷം നാം നിരാശരായി ആശ്വാസത്തിനുള്ള മാർഗ്ഗങ്ങൾ തേടുന്നു; തീർച്ചയായും അവയും തകർന്നുപോകും. ഈ പ്രകിയ തുടർന്നു കൊണ്ടേയിരിക്കും: വരും വരായ്കകൾ എല്ലാം അറിഞ്ഞുകൊണ്ടുതന്നെ അതിൽ ചെന്നുപെടണമെങ്കിൽ, ശരി അങ്ങനെ ചെയ്തോളു. പക്ഷേ അതിന്റെ അർത്ഥശൂന്യത അറിയാൻ കഴിഞ്ഞാൽ നിങ്ങൾ സ്വാഭാവികമായും കരച്ചിൽ നിറുത്തും; ഏകാന്തതയിലേക്കു ഉൾവലിയില്ല. പകരം പുതിയ വെളിച്ചത്തോടെ മുഖത്തു പുഞ്ചിരിയുമായി നിങ്ങൾ കുട്ടികളോടൊത്തു ജീവിതം തുടരും. ■

(കൃഷ്ണമൂർത്തി ഫോർ ബിഗിനേഴ്സ് എന്ന പുസ്തകത്തിൽ നിന്ന്)

# എങ്ങനെയാണ് ദുഖം ഇല്ലാതാകുന്നത് ?

ചോദ്യകർത്താവ്: ജീവിതകാലം മുഴുവൻ ഞാൻ വളരെയേറെ ദുരിതങ്ങൾ അനുഭവിച്ചിട്ടുള്ളതായി തോന്നുന്നു. ശാരീരികമായവയല്ല, മറിച്ച് മരണം, ഏകാന്തത എന്റെ അസ്തിത്വത്തിന്റെ നിഷ്ഫലത എന്നിവയെല്ലാം ചേർന്നു നല്കുന്നവയാണ് അവ. എനിക്ക് ഒരു മകനുണ്ടായിരുന്നു. അവനെ ഞാൻ അത്യധികം സ്നേഹിച്ചു. ഒരു അപകടത്തിൽ പെട്ട് അവൻ മരിച്ചു. എന്റെ ഭാര്യ എന്നെ ഉപേക്ഷിച്ചു പോയി. അതു എന്നെ വളരെ വേദനിപ്പിച്ചു. വേണ്ടത്ര പണവും സ്ഥിരമായ ജോലിയും ഉള്ള ഇടത്തരക്കാരായ ആയിരക്കണക്കിന് ആളുകളെപ്പോലെ ഒരാളാണ് ഞാനും എന്നാണ് എന്റെ വിചാരം.

എന്റെ സാഹചര്യങ്ങളെക്കുറിച്ചു പരാതിപ്പെടുകയല്ല ഞാൻ. പക്ഷേ ദുഃഖമെന്നാൽ എന്താണെന്ന്, എന്തിനാണ് അതു വന്നുപെടുന്നതെന്ന് അറിയാൻ ഞാൻ ആഗ്രഹിക്കുന്നു. ദുഃഖത്തിലൂടെയാണ് അറിവുണ്ടാകുന്നതെന്ന് പറയാറുണ്ട്; പക്ഷേ എന്റെ അനുഭവം മറിച്ചാണ്.

*കൃഷ്ണമൂർത്തി:* ദുരിതങ്ങളിൽ നിന്ന് നിങ്ങൾ എന്താണ് പഠിച്ചതെന്നാണ് ഞാൻ ആലോചിക്കുന്നത്. നിങ്ങൾ എന്തെങ്കിലും പഠിക്കുകയുണ്ടായോ? ദുഃഖം എന്താണ് നിങ്ങളെ പഠിപ്പിച്ചത്?

*ചോദ്യകർത്താവ്:* മനുഷ്യരോട് ഒരിക്കലും സ്നേഹബന്ധം സ്ഥാപിക്കരുതെന്ന് തീർച്ചയായും അതെന്നെ പഠിപ്പിച്ചു. കുറെയൊക്കെ വിദ്വേഷവും താത്പര്യരാഹിത്യവും അത് എന്നിൽ ഉളവാക്കി; വികാരങ്ങൾ എന്നെ കീഴ്പെടുത്താൻ അനുവദിക്കരുതെന്നും അത് എന്നെ ബോധ്യപ്പെടുത്തി. വീണ്ടും വേദനപ്പെടാതിരിക്കാൻ വളരെ ശ്രദ്ധിക്കണമെന്നും അത് എന്നെ പഠിപ്പിച്ചു.

*കൃഷ്ണമൂർത്തി:* അപ്പോൾ, നിങ്ങൾ പറഞ്ഞപ്രകാരമാണെങ്കിൽ അത് നിങ്ങളിൽ വിവേകം ഉളവാക്കിയില്ല. മറിച്ച് അത് നിങ്ങളെ കൂടുതൽ തന്ത്രശാലിയും നിർവി കാരനും ആക്കുകയാണുണ്ടായത്. ദുഃഖം പ്രകടമായും ആത്മരക്ഷാ പരമായ പ്രതികരണങ്ങളല്ലാതെ മറ്റെന്തെങ്കിലും പഠിപ്പിക്കുന്നുണ്ടോ?

*ചോദ്യകർത്താവ്:* ഞാൻ എന്നും ദുരിതത്തെ ജീവിതത്തിന്റെ ഒരു ഭാഗമായി അംഗീകരിച്ചിട്ടുണ്ട്. പക്ഷേ ഇപ്പോൾ എന്തുകൊണ്ടോ എനിക്ക് അതിൽനിന്ന് മോചനം നേടണമെന്നുണ്ട്. മമതാബന്ധങ്ങളുടെ വേദനയിലൂടെ വീണ്ടും കടന്നുപോകാതിരിക്കാനും അരോചകമായ വിദ്വേഷത്തിൽനിന്നും താത്പര്യരാഹിത്യത്തിൽ നിന്നും മുക്തിനേടാനും ഞാൻ ആഗ്രഹിക്കുന്നു. എന്റെ ജീവിതം അത്രയ്ക്കു ഉദ്ദേശരഹിതവും പൊള്ളയുമായിത്തീർന്നിരിക്കുന്നു; അങ്ങേയറ്റം ഉൾവലിഞ്ഞതും നിസ്സാരവും ആണത്. സാധാരണനിലയിലുള്ള ഒന്നാണത്; ഒരു പക്ഷേ ആ സാധാരണത്വമാകാം ഏറ്റവും വലിയ ദുഃഖം.

*കൃഷ്ണമൂർത്തി:* വ്യക്തിപരമായ ദുഃഖവും ലോകസംബന്ധിയായ ദുഃഖവും ഉണ്ട്; അജ്ഞതയുടെ ദുഃഖവും കാലത്തിന്റെ ദുഃഖവും ഉണ്ട്. തന്നെത്തന്നെ അറിയാതിരിക്കലാണ് അജ്ഞത. കാലം സുഖപ്പെടുത്തുമെന്നും മുറിവുണക്കുമെന്നും മാറ്റം വരുത്തുമെന്നും ഉള്ള തെറ്റിദ്ധാരണയാണ്, കാലസംബന്ധിയായ ദുഃഖം. മിക്കവരും ആ തെറ്റിദ്ധാരണയിൽ കുടുങ്ങിക്കിടക്കുന്നു. അവർ ദുഃഖത്തെ ഒന്നുകിൽ ആരാധിക്കുകയോ അല്ലങ്കിൽ വിശദീകരിക്കുയോ ചെയ്യുന്നു. ഏതു വിധത്തിലായാലും ദുഃഖം തുടരുന്നു. അതിനു അവസാനമുണ്ടാകില്ലേ എന്നു ആരും സ്വയം ചോദിക്കുന്നില്ല.

*ചോദ്യകർത്താവ്:* ഇപ്പോൾ ഞാൻ അതാണ് ചോദിക്കുന്നത്. അതു അവസാനിക്കില്ലേ? അതിനെ എങ്ങനെ അവസാനിപ്പിക്കാം. എങ്ങനെയാണ് ഞാൻ അതിനെ ഇല്ലാതാക്കേണ്ടത്? അതിൽനിന്ന് ഓടി അകന്നതുകൊണ്ടോ പകയാലും വിദ്വേഷത്താലും അതിനെ പ്രതിരോധിച്ചതുകൊണ്ടോ പ്രയോജനമില്ലെന്നു ഞാൻ മനസ്സിലാക്കുന്നു. ഇത്രയും കാലം സഹിച്ച ദുഃഖം ഇല്ലാതാക്കാൻ ഞാൻ എന്താണ് ചെയ്യേണ്ടത്?

*കൃഷ്ണമൂർത്തി:* ആത്മാനുതാപം ദുഃഖത്തിന്റെ ഒരു ഘടകമാണ്. മറ്റൊരാളുമായി സ്നേഹബന്ധം പുലർത്തുക, അയാൾക്കു നിങ്ങളോടുള്ള സ്നേഹത്തെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക – അതാണ് മറ്റൊരു ഘടകം. സ്നേഹബന്ധം നഷ്ടപ്പെടുമ്പോൾ മാത്രമല്ല ദുഃഖം ഉണ്ടാകുന്നത്. സ്നേഹബന്ധം തുടങ്ങുമ്പോൾതന്നെ അവിടെ ദുഃഖത്തിന്റെ വിത്തുകളും ഉണ്ടായിരിക്കും. തന്നെത്തന്നെ മനസ്സിലാക്കാൻ കഴിയുന്നില്ലെന്നതാണ് ഇതിലെല്ലാമുള്ള കുഴപ്പം. തന്നെതന്നെ അറിയുക എന്നതു ദുഃഖം അവസാനിപ്പിക്കലായിരുക്കും. നമ്മെത്തന്നെ അറിയുവാൻ നാം ഭയപ്പെടുന്നു. നാം നമ്മെ ശിഷ്ടർ, ദുഷ്ടർ; ശുദ്ധർ, അശുദ്ധർ, നീചർ, കുലീനർ എന്നിങ്ങനെ തരംതിരിക്കുന്നു. നല്ലവർ ദുഷ്ടരെ എന്നും കുറ്റപ്പെടുത്തുന്നു. ഈ വ്യത്യസ്ത വിഭാഗങ്ങൾ എന്നും അന്യോന്യം ഏറ്റമുട്ടുന്നു. ഈ ഏറ്റുമുട്ടൽ ദുഃഖമാണ് ദുഃഖം ഇല്ലാതാക്കുന്നതിന് വസ്തുതകൾ കണ്ടറിയുകയാണ്, അതിന്റെ വിപരീതങ്ങൾ കണ്ടെത്തുകയല്ല വേണ്ടത്. വിപരീതങ്ങൾ പരസ്പരം ഉൾക്കൊള്ളുന്നു. വിപരീതങ്ങളുടെ ഇടനാഴിയിലൂടെ നടക്കുക എന്നതു ദുഃഖമാണ്. ഉയർന്നത്, താഴ്ന്നത്. ഉൽകൃഷ്ടം, നികൃഷ്ടം, ദൈവികം, പൈശാചികം എന്നിങ്ങനെ ജീവിതത്തെ വിഭജിക്കുന്നതു സംഘർഷവും വേദനയും ഉളവാക്കുന്നു. ദുഃഖമുള്ളപ്പോൾ സ്നേഹമുണ്ടാവില്ല. ദുഃഖത്തിനും സ്നേഹത്തിനും ഒരുമിച്ചുകഴിയാൻ സാധ്യമല്ല.

*ചോദ്യകർത്താവ്:* ഹും! പക്ഷേ സ്നേഹത്തിന് അന്യനെ ദുഃഖിപ്പിക്കാൻ കഴിയും. ഞാൻ ഒരാളെ സ്നേഹിക്കുന്നുണ്ടാകാം; പക്ഷേ അപ്പോഴും അയാൾക്കു ദുഃഖം നല്കാൻ എനിക്കു കഴിയും.

*കൃഷ്ണമൂർത്തി:* നിങ്ങൾ സ്നേഹിക്കുമ്പോൾ, നിങ്ങളാണോ ദുഃഖം നല്കുന്നത്? അതോ അയാളോ? പ്രോത്സാഹനത്തോടെയോ അല്ലാതെയോ അന്യനൊരാൾ നിങ്ങളോടു സ്നേഹബന്ധം പുലർത്തുന്നു. നിങ്ങൾ അയാളിൽ നിന്നു അകന്നുമാറുന്നു; അയാൾ ദുഃഖിക്കുന്നു. നിങ്ങളാണോ അയാളാണോ അയാൾക്കു വേദന നല്കിയത്?

*ചോദ്യകർത്താവ്:* മറ്റൊരാളുടെ ദുഃഖത്തിന്, അത് എന്നെ പ്രതിയുള്ളതാണെങ്കിലും, ഞാൻ ഉത്തരവാദിയല്ലെന്നാണോ നിങ്ങൾ പറയുന്നത്? അപ്പോൾ എങ്ങനെയാണ് ദുഃഖത്തിന് എപ്പോഴെങ്കിലും അവസാനമുണ്ടാകുക?

*കൃഷ്ണമൂർത്തി:* നാം മുമ്പു പറഞ്ഞതുപോലെ തന്നെതന്നെ പൂർണ്ണമായും അറിയുന്നതിലൂടെ മാത്രമേ ദുഃഖം ഇല്ലാതാകൂ. ഒറ്റനോട്ടത്തിൽ നിങ്ങൾക്കു നിങ്ങളെ അറിയാൻ കഴിയുമോ? അതോ അതിന് ഒരു നീണ്ട വിശകലനം ആവശ്യമാണെന്നു കരുതുന്നുവോ? വിശകലനത്തിലൂടെ നിങ്ങൾക്കു നിങ്ങളെ അറിയാൻ കഴിയില്ല. ചേർത്തു വയ്ക്കലില്ലാതെ, നിമിഷം പ്രതിയുള്ള നിലയിലേ നിങ്ങൾക്കു നിങ്ങളെ മനസ്സിലാക്കാൻ കഴിയു. യഥാർത്ഥത്തിൽ എന്താണ് സംഭവിക്കുന്നതു എന്നതിനെക്കുറിച്ചു ഒരാൾ നിർബന്ധമായും ബോധവാനായിരിക്കണമെന്നാണ് ഇതിനർത്ഥം. അതായത്, വിപരീതനിലയോ ആദർശനിലയോ കൂടാതെ, താൻ എന്തായിരുന്നു എന്നതിനെക്കുറിച്ചു ചിന്തിക്കാതെ, തന്നെ താനായിത്തന്നെ കാണണം. വെറുപ്പിന്റെയോ വിദ്വേഷത്തിന്റെയോ കണ്ണുകൾ കൊണ്ടാണ് നോക്കുന്നതെങ്കിൽ നിങ്ങൾ നിങ്ങളെ കാണുന്നത് ഭൂതകാലം നിറം പിടിപ്പിച്ച വിധത്തിലായിരിക്കും. നിങ്ങൾ നിങ്ങളെ കാണുമ്പോഴെല്ലാം ഭൂതകാലത്തെ അടർത്തിക്കളയാൻ കഴിഞ്ഞാൽ, ഭുതകാലത്തിൽ നിന്നുള്ള മോചനമായിരിക്കും അത്. അറിവിന്റെ വെളിച്ചം ഉള്ളപ്പോഴെ ദുഃഖം ഇല്ലാതാകു. ഒരു അനുഭവം കൊണ്ടോ തിരിച്ചറിയലിന്റെ ഒരു മിന്നൽ കൊണ്ടോ അല്ല അറിവിന്റെ നാളം കൊളുത്തപ്പെടുന്നത്. അറിവിന്റെ നാളം എന്നും സ്വയം തെളിയേണ്ടതാണ്. അതു നിങ്ങൾക്കു തരുവാൻ ആർക്കും, ഗ്രന്ഥത്തിനോ തന്ത്രത്തിനോ ഗുരുവിനോ രക്ഷകനോ ഒന്നിനും, കഴിയില്ല. നിങ്ങളെത്തന്നെ മനസ്സിലാക്കലാണ് ദുഃഖത്തിന്റെ അന്ത്യം. ■

(കൃഷ്ണമൂർത്തി ഫോർ ബിഗിനേഴ്സ് എന്ന പുസ്തകത്തിൽ നിന്ന്)

**അറിവിന്റെ നാളം എന്നും സ്വയം തെളിയേണ്ടതാണ്. അതു നിങ്ങൾക്കു തരുവാൻ ആർക്കും, ഗ്രന്ഥത്തിനോ തന്ത്രത്തിനോ ഗുരുവിനോ രക്ഷകനോ ഒന്നിനും, കഴിയില്ല.**

# ഈ പ്രപഞ്ചവുമായി ബന്ധപ്പെടുന്നതെങ്ങനെ ?

**ഏപ്രിൽ 1975**

മറ്റു വീടുകളിൽനിന്നു ദൂരെയായി മലമുകളിലുള്ള ഒരു ചെറിയ ജീർണ്ണിച്ച വീട്ടിൽ ഏതാനും മാസങ്ങൾ യാദൃശ്ചികമായി അയാൾക്കു ഒറ്റയ്ക്ക് താമസിക്കേണ്ടിവന്നു. അവിടെ അനേകം മരങ്ങളുണ്ടായിരുന്നു. വസന്തം വന്നപ്പോൾ അന്തരീക്ഷം സുരഭിലമായി. പർവ്വതങ്ങൾക്കും ചുവന്ന മണ്ണിന്റെ സൗന്ദര്യത്തിനുമൊപ്പം ഏകാന്തത നിറഞ്ഞുനിന്നു. ഉത്തുംഗമായ കൊടുമുടികൾ മഞ്ഞുമൂടി നിന്നു. ചില മരങ്ങൾ പൂത്തുലഞ്ഞുനിന്നു. അയാൾ ഈ രമണീയതയ്ക്കു മദ്ധ്യേ ഒറ്റയ്ക്ക് കഴിഞ്ഞു. മാനും, വല്ലപ്പോഴും വരാറുള്ള ഒരു കരടിയും കറുത്ത മുഖവും നീണ്ട വാലുമുള്ള ആ വലിയ കുരങ്ങന്മാരും ഉള്ള ഒരു വനം സമീപത്തു തന്നെയുണ്ടായിരുന്നു. സർപ്പങ്ങളും ഉണ്ടായിരുന്നുവെന്ന് പറയേണ്ടതേയില്ല. ആഗാധമായ ആ ഏകാന്തതയിൽ വിചിത്രമായ രീതിയിൽ അയാൾ അവയോടെല്ലാം ബന്ധപ്പെട്ടിരുന്നു. അയാൾക്ക് യാതൊന്നിനെയും, വഴിയിൽ നിന്നിരുന്ന വെളുത്ത ഡെയ്സി പൂക്കളെപ്പോലും, വേദനിപ്പിക്കാൻ കഴിയുമായിരുന്നില്ല. ആ ബന്ധത്തിൽ നിങ്ങൾക്കും അവയ്ക്കും മദ്ധ്യേ ഇടം ഉണ്ടായിരുന്നില്ല. അത് ആസൂത്രണം ചെയ്യപ്പെട്ടതല്ല. ബൗദ്ധികമോ വൈകാരികമോ ആയ ഒരു വിശ്വാസമായിരുന്നില്ല ഇതെല്ലാം ഉളവാക്കിയത്. എന്നാൽ അത് അങ്ങനെയായിരുന്നു എന്നു മാത്രം.

വലിയ കുരങ്ങന്മാരുടെ ഒരു സംഘം സന്ധ്യയോടെ പ്രത്യേകിച്ചും ചുറ്റും വന്നു കൂടാറുണ്ടായിരുന്നു. ഏതാനുമെണ്ണം നിലത്തായിരുന്നെങ്കിലും ഭൂരിപക്ഷവും മരങ്ങളിലിരുന്ന് നിശ്ശബ്ദമായി കാര്യങ്ങൾ നോക്കിക്കാണുകയായിരുന്നു. ആശ്ചര്യകരമാംവിധം അവർ നിശ്ചലരായിരുന്നു. ഇടയ്ക്കു വല്ലപ്പോഴും ഒന്നോരണ്ടോ എണ്ണം ചൊറിയുന്നുണ്ടായിരുന്നു. എന്നിട്ട് ഞങ്ങൾ പരസ്പരം നിരീക്ഷിക്കുന്നുണ്ടായിരുന്നു. ഇപ്പോൾ എല്ലാ സന്ധ്യാവേളകളിലും വളരെയടുത്തോ മരത്തിൽ വളരെ ഉയരത്തിലോ അല്ലാതെ അവ വരാറുണ്ട്. ഞങ്ങളുടെ സാന്നിദ്ധ്യത്തെപ്പറ്റി പരസ്പരം ഞങ്ങൾ നിശ്ശബ്ദരായി ബോധവാന്മാരായിരുന്നു.

ഞങ്ങൾ നല്ല സുഹൃത്തുക്കളായിത്തീർന്നിരുന്നെങ്കിലും അവർ മറ്റൊരാളുടെ ഏകാന്തതയിൽ കടന്നു കൂടാൻ ആഗ്രഹിച്ചില്ല. ഒരു ദിവസം ഉച്ചകഴിഞ്ഞ് കാട്ടിലൂടെ നടക്കുമ്പോൾ ഒരു തുറന്ന സ്ഥലത്തുവച്ച് അയാൾ അവയുടെ മുമ്പിൽ പെട്ടെന്നു ചെന്നുപെട്ടു. ചെറുപ്പക്കാരും വൃദ്ധരുമായി അവ മുപ്പതെണ്ണത്തോളമുണ്ടായിരുന്നു. ആ വെളിമ്പ്രദേശത്തെ മരങ്ങളുടെ ഇടയ്ക്ക് തികച്ചും നിശ്ശബ്ദരും നിശ്ചലരുമായി അവ ഇരിക്കുകയായിരുന്നു. അയാൾക്ക് അവയെ സ്പർശിക്കാൻ കഴിയുമായിരുന്നു. അവയ്ക്ക് യാതൊരു ഭയവും ഉണ്ടായിരുന്നില്ല. സൂര്യൻ കൊടുമുടികൾക്കു പിന്നിൽ മറയും വരെ ഞങ്ങൾ ആ നിലത്തിരുന്ന് പരസ്പരം നിരീക്ഷിച്ചുകൊണ്ടിരുന്നു.

നിങ്ങൾക്ക് പ്രകൃതിയുമായുള്ള സമ്പർക്കം നഷ്ടപ്പെടുമ്പോൾ മനുഷ്യവംശവുമായുള്ള സമ്പർക്കം നഷ്ടപ്പെടുന്നു. പ്രകൃതിയുമായി നിങ്ങൾക്ക് യതൊരു ബന്ധവുമില്ലാതാകുമ്പോൾ നിങ്ങൾ ഒരു കൊലയാളിയായിത്തീരുന്നു. പിന്നെ നിങ്ങൾ ലാഭത്തിനോ ഉല്ലാസത്തിനോ ഭക്ഷണത്തിനോ അറിവിനോ വേണ്ടി കൊച്ചു കടൽനായ്ക്കളെ, തിമിംഗലങ്ങളെ, കടൽപ്പന്നികളെ മനുഷ്യനെപ്പോലും കൊല്ലുന്നു. പിന്നെ പ്രകൃതി നിങ്ങളെ ഭയപ്പെടുന്നു. അതിന്റെ സൗന്ദര്യം പ്രത്യാഹരിക്കുന്നു. നിങ്ങൾ കാടുകളിലൂടെ ധാരാളം നടക്കുകയോ സുന്ദരമായ സ്ഥലങ്ങളിൽ താവളമടിക്കുകയോ ചെയ്താലും നിങ്ങൾ ഒരു കൊലയാളിയാകയാൽ അവരുടെ സൗഹൃദം നിങ്ങൾക്കു നഷ്ടമാകുന്നു. നിങ്ങൾക്കുമിക്കവാറും യാതൊന്നുമായും, നിങ്ങളുടെ ഭാര്യയോടോ. ഭർത്താവിനോടോ പോലും, ബന്ധമില്ലാതാകുന്നു. നിങ്ങൾ വളരെ തിരക്കുപിടിച്ച്, നേടിയും നഷ്ടപ്പെട്ടും നിങ്ങളുടെ സ്വന്തം, സ്വകാര്യചിന്തകളും സുഖങ്ങളും വേദനകളുമായി നെട്ടോട്ടമാണ്. നിങ്ങൾ നിങ്ങളുടെ ഇരുണ്ട ഏകാന്ത തടവിലാണ് ജീവിക്കുന്നത്. അതിൽനിന്നുള്ള രക്ഷപ്പെടലും കൂടുതൽ അന്ധകാരത്തിലേക്കാണ്. ഹ്രസ്വമായ ബുദ്ധിഹീനമായോ അലസമായോ അക്രമാസക്തമായോ ഉള്ള അതിജീവനത്തിലാണ് നിങ്ങളുടെ താത്പര്യം. നിങ്ങളുടെ നിരുത്തരവാദിത്വം നിമിത്തം ആയിരങ്ങൾ വിശന്നു മരിക്കുകയോ വധിക്കപ്പെടുകയോ ചെയ്യുന്നു. ഈ ലോകം ചിട്ടപ്പെടുത്തുന്ന ജോലി നുണയന്മാരും അഴിമതിക്കാരുമായ രാഷ്ട്രീയക്കാരുടെയോ ബുദ്ധിജീവികളുടെയോ വിദഗ്ദ്ധമാരുടെയോ ആണെന്ന മട്ടിൽ നിങ്ങൾ കയ്യൊഴിയുന്നു. നിങ്ങൾക്ക് ആത്മാർത്ഥതയില്ലാത്തതുകൊണ്ട് അധാർമ്മികവും അവിശ്വസ്തവും, തികഞ്ഞ സ്വാർത്ഥതയിൽ അധിഷ്ഠിതവുമായ ഒരു സമൂഹം നിങ്ങൾ പണിയുന്നു. നിങ്ങൾതന്നെയാണ് ഇതിന് ഉത്തരവാദി എന്നതുകൊണ്ട് പിന്നെ നിങ്ങൾ കടൽത്തീരങ്ങളിലേക്കോ കാടുകളിലേക്കോ രക്ഷപ്പെടുന്നു. വിനോദത്തിനു വേണ്ടി ഒരു തോക്കും കയ്യിൽ കരുതുന്നു.

നിങ്ങൾ ഇതെല്ലാം അറിയുന്നുണ്ടാവും. എന്നാൽ അറിവ് നിങ്ങളിൽ പരിവർത്തനം ഉണ്ടാക്കുന്നില്ല. നിങ്ങൾ ഒരു സമ്പൂർണ്ണ മനുഷ്യനായി, സമഗ്രതയോടെ പ്രവർത്തിക്കണം. അപ്പോൾ, പൂർണ്ണതയെപ്പറ്റിയുള്ള ഈ ബോധം ഉണ്ടാകുമ്പോൾ നിങ്ങൾ ഈ പ്രപഞ്ചവുമായി ബന്ധമുള്ളവനായിത്തീരും. ■

(കൃഷ്ണമൂർത്തീസ് ജേർണൽ എന്ന പുസ്തകത്തിൽ നിന്ന്)

*Published in September, January and May*
*Registered with the Registrar of Newspapers for India*
*under No. TNMAL/2005/17822*

Periodical

*In undelivered please return to :*
KRISHNAMURTI FOUNDATION INDIA
Vasanta Vihar, 124,126 (Old 64,65) Greenways Road
Chennai-600 028. Tel. : 24937803 / 596
E-mail : publications@kfionline.org.
Websites : www.kfionline.org / www.jkrishnamurti.org

*Published by G. Rajeev on behalf of the Krishnamurti Foundation India, Vasanta Vihar, 124, 126 (Old 64,65) Greenways Road, Chennai-600 028.*
*Printed by N. Subramanian at Sudarsan Graphics Offset Press, 27, Neelakanta Mehta Street, T.Nagar, Chennai-600 017. Editor : K. Krishnamurthy*